# തൗഹീദ്

## കർമ്മങ്ങൾ ഉപകാരപ്പെടുവാനും സ്വീകരിക്കപ്പെടുവാനും

**ഗ്രന്ഥകർത്താവ്:** **ശൈഖ് സ്വലാഹ് ഇബ്നു മുഹമ്മദ് അൽ ബുദയ്ർ**
**അവലംബ ഗ്രന്ഥം:** بلوغ السعادة فى توحيد رب العبادة
**വിവർത്തനം:** **അബ്ദുൽ ജബ്ബാർ അബ്ദുല്ല**

عن عائشة ﵂ قالت: قلت: يا رسولَ اللّه! ابن جدعانَ كَانَ في الْجاهلية يصلُ الرحم، ويطْعم الْمسكين، فَهـلْ ذَاكَ نافعه ؟ قَالَ: «لاَ ينفَعه. إنه لَم يقُلْ يوماً: رب اغْفر لي خطيئَتي يوم الدينِ»

ആഇശാ﵂യിൽ നിന്നും നിവേദനം, അവർ പറഞ്ഞു: ഞാൻ ചോദിച്ചു: «അല്ലാഹുവിന്റെ റസൂലേ, ഇബ്നു ജുദ്ആൻ ജാഹിലിയ്യത്തിൽ കുടുംബബന്ധം ചേർത്തിരുന്നു. അഗതികൾക്ക് ഭക്ഷണം കൊടുത്തിരുന്നു. അത് അയാൾക്ക് ഉപകരിക്കുമോ? (നബി ﷺ) പറഞ്ഞു: അത് അയാൾക്ക് ഉപകാരപ്പെടുകയില്ല, കാരണം അയാൾ ഒരു ദിനം പോലും 'എന്റെ നാഥാ പ്രതിഫലനാളിൽ എന്റെ തെറ്റുകൾ എനിക്ക് നീ പൊറുത്തു തരേണമേ' എന്ന് പറഞ്ഞിട്ടില്ല» (മുസ്ലിം)

عن جابِرِ بنِ عبد الله ﵁: دخلَ النبِي صلى الله علَيه وسلم علَى أُم معبد حائطًا فَقَالَ: يا أُم معبد من غَرس هذَا النخلَ أَمسلم أَم كَافر ؟ فَقَالَت: بلْ مسلم. قَالَ: فَلَا يغرِس الْمسلم غَرسا فَيأْكُلَ منه إِنسانٌ ولَا دابةٌ ولَا طَير إِلا كَانَ لَه صدقَةً إِلَى يومِ الْقيامة

ജാബിർ ഇബ്നു അബ്ദുല്ലാഹ്﵁വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: «നബി ﷺ, ഉമ്മു മഅ്ബദിന്റെ തോട്ടത്തിലേക്ക് പ്രവേശിച്ചു. എന്നിട്ട് ചോദിച്ചു: ഹേ, ഉമ്മു മഅ്ബദ്, ആരാണ് ഈ ഈത്തപ്പനകൾ നട്ടത്? മുസ്ലിമോ അതല്ല കാഫിറോ? അപ്പോൾ അവർ പറഞ്ഞു: അതെ, മുസ്ലിമാണ്. അപ്പോൾ (നബി ﷺ) പറഞ്ഞു: ഒരു മനുഷ്യനോ, മൃഗമോ, പക്ഷിയോ തിന്നുന്ന രീതിയിൽ ഒരു മുസ്ലിം ഒരു ചെടി നടുകയോ, ഒരു കൃഷിയിറക്കുകയോ ചെയ്യുന്നില്ല, അത് അയാൾക്ക് അന്ത്യനാളിൽ ഒരു സ്വദഖഃയായിട്ടല്ലാതെ» (മുസ്ലിം)

عن عبد الله بنِ عمرٍو ﵁: سمعت رسولَ الله صلى الله علَيه وسلم يقُولُ: من لَقي الله وهو لَا يشرِك بِه شيئًا دخلَ الْجنةَ ولَم تضر معه خطيئَةٌ كَما لَو لَقيه وهو مشرِك بِه دخلَ النار ولَم تنفَعه معه حسنةٌ

അബ്ദുല്ലാഹ് ഇബ്നു അംറ്ﷺവിൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: «ആരെങ്കിലും അല്ലാഹുവിൽ യാതൊന്നിനേയും പങ്കുചേർക്കാതെ അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. അതോടൊപ്പമുള്ള അവന്റെ യാതൊരുപാപവും അവന് ഒരു ഉപദ്രവവും ചെയ്യില്ല, അപ്രകാരംതന്നെ അവൻ അല്ലാഹുവിനെ കണ്ടുമുട്ടുന്നത് ശിർക്ക് ചെയ്തുകൊണ്ടുള്ള അവസ്ഥയിലാണെങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കും, അതോടൊപ്പം അവന് യാതൊരു നന്മയും ഉപകാരപ്പെടുകയില്ല» (മുസ്നദു അഹ്മദ്, മുഅ്ജമുത്ത്വബറാനി)[1]

عن أُم سلَمَةَﷺ قَالَت للنبي ﷺ: إن هشام بنِ الْمغيرة كَانَ يصلُ الرحم، ويقْري الضيف، ويفُك الْعناةَ، ويطْعم الطعام، ولَو أَدرك أَسلَم، هلْ ذَلك نافعه؟ قَالَ: «لاَ، إِنه كانَ يعطي للدنيا وذكْرها وحمدها، ولَم يقُلْ يوماً قَط: رب اغْفر لي يوم الدينِ»

ഉമ്മുസലമﷺയിൽനിന്നും നിവേദനം: അവർ അല്ലാഹുവിന്റെ റസൂൽﷺയോട് പറഞ്ഞു: ‘‘നിശ്ചയം, ഹിശാം ഇബ്നുൽമുഗീറഃ കുടുംബബന്ധം ചേർക്കുന്നവനും അതിഥികളെ സൽക്കരിക്കുന്നവനും പ്രയാസം സഹിക്കുന്നവർക്ക് ആയാസം നല്കുന്നവനും, ഭക്ഷണം നൽകുന്നവനും ആയിരുന്നു, അയാൾ താങ്കളെ കണ്ടുമുട്ടിയിരുന്നുവെങ്കിൽ ഇസ്ലാം സ്വീകരിച്ചേനെ, അത് (അദ്ദേഹത്തിന്റെ പ്രവൃത്തികൾ) അദ്ദേഹത്തിന് ഉപകാരപ്പെടുമോ?’’ അദ്ദേഹം പറഞ്ഞു: «ഇല്ല, നിശ്ചയം, അയാൾ ഇതൊക്കെ നൽകിയത് ദുനിയാവിനും ദുനിയാവിലെ പ്രശസ്തിക്കും പ്രശംസക്കും വേണ്ടിയായിരുന്നു. ഒരു ദിവസമെങ്കിലും ഒരിക്കൽപോലും അയാൾ:

«رب اغْفر لي يوم الدينِ»

‘എന്റെ നാഥാ പ്രതിഫലനാളിൽ നീ എനിക്ക് പൊറുത്തു തരേണമേ’ എന്ന് പറഞ്ഞിട്ടില്ല» (മുഅ്ജമുൽ കബീർ, ത്വബറാനി. മുസ്നദ്, അബൂയഅ്ലാ.)

عن عدى بنِ حاتمٍ ﷺ قَالَ: قُلْت يا رسولَ الله إِن أَبِي كَانَ يصلُ الرحم ويفْعلُ كَذَا وكَذَا قَالَ إِن أَباك أَراد أَمرا فَأَدركَه يعنِي الذكْر

അദിയ്യ് ഇബ്നു ഹാതിംﷺവിൽനിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: ഞാൻ ചോദിച്ചു: «അല്ലാഹുവിന്റെ ദൂതരേ, നിശ്ചയം എന്റെ പിതാവ് കുടുംബബന്ധം ചേർക്കുന്നവനായിരുന്നു, പല വിധ (സൽപ്രവൃത്തികൾ) ചെയ്യുമായിരുന്നു, (നബിﷺ) പറഞ്ഞു: നിന്റെ പിതാവ് (അതിലൂടെ) ഒരു കാര്യം (പ്രശസ്തി) ഉദ്ദേശിച്ചു, അത് അയാൾക്ക് ലഭിക്കുകയും ചെയ്തു,» (മുസ്നദു അഹ്മദ്. ഹൈഥമിയുടെ മജ്മഉസ്സവാഇദ്1:68,119 നോക്കുക.)

[1] ഹദീഥിന് ‘ശവാഹിദുകൾ’ ഉണ്ട്. മജ്മഉസ്സവാഇദ് 1/4 നോക്കുക.

عن عمرو بن شعيبٍ عن أبيه عن جده أن الْعاص بن وائلٍ نذَر في الْجاهلية أنْ ينحر مائَةَ بدنة وأن هشام بن الْعاصي نحر حصته خمسِين بدنةً وأن عمرا سأَلَ النبي صلى الله علَيه وسلم عن ذَلك فَقَالَ أَما أَبوك فَلَو كَانَ أَقَر بِالتوحيد فَصمت وتصدقْت عنه نفَعه ذَلك

«അംറ്  ഇബ്നു ശുഐബ് ﷺ തന്റെ പ്രപിതാവിൽ നിന്നും നിവേദനം ചെയ്യുന്നു: നിശ്ചയം അൽ ആസ് ഇബ്നു വാഇ ൽ ജാഹിലിയ്യത്തിൽ നൂറ് ഒട്ടകങ്ങളെ അറുക്കുവാൻ നേർച്ചയാക്കി, ഹിശാം ഇബ്നു അൽ ആസ് തന്റെ വിഹിതമായ അൻപത് ഒട്ടകങ്ങളെ അറുത്തു. അംറ് അതിനെപ്പറ്റി നബിﷺയോട് ചോദിച്ചു. അപ്പോൾ (നബിﷺ) പറഞ്ഞു: «എന്നാൽ താങ്കളുടെ പിതാവ് തൗഹീദ് അംഗീകരിക്കുകയും, അയാൾക്കുവേണ്ടി താങ്കൾ നോമ്പ് നോൽക്കുകയും സ്വദക്വഃ ചെയ്യുകയും  ചെയ്തിരുന്നുവെങ്കിൽ അത് അയാൾക്ക് ഉപകാരപ്പെടുമായിരുന്നു» (ദാറക്വുത്നി. അൽബാനി ഹദീഥിനെ 'സ്വഹീഹ് ' എന്ന് വിശേഷിപ്പിച്ചു)

عن أنسٍ ﷺ قَالَ: قَالَ رسولُ الله ﷺ: « يجاءُ يوم الْقيامة بِصحف مختمة فَتنصب بين يدى الله عز وجل فَيقُولُ الله ﷻ لملآئكته أَلْقُوا هذَا واقْبلُوا هذَا فَتقُولُ الْملائكَةُ وعزتك ما رأَينا إلا خيرا فَيقُولُ وهو أَعلَم إن هذَا كَانَ لغيرى ولاَ أَقْبلُ الْيوم من الْعملِ إِلا ما ابتغى بِه وجهى»

അനസ് ഇബ്നു മാലിക്ﷺവിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: «ക്വിയാമത്ത് നാളിൽ സീലുചെയ്യപ്പെട്ട ഏടുകൾ കൊണ്ടുവരപ്പെടും. അത് അല്ലാഹുﷻയുടെ മുൻപിൽ വെക്കപ്പെടും, അപ്പോൾ അല്ലാഹുﷻ തന്റെ മലക്കുകളോട് പറയും: ''ഇന്നതിനെ മാറ്റിയിടുക, ഇന്നതിനെ സ്വീകരിക്കുക.'' അപ്പോൾ മലക്കുകൾ പറയും: ''അല്ലാഹുവേ നിന്റെ പ്രതാപമാണെ സത്യം, ഞങ്ങൾ നന്മയല്ലാതെ ഒന്നും കണ്ടിട്ടില്ല.'' അപ്പോൾ സർവജ്ഞനായ അല്ലാഹു പറയും: ''തീർച്ചയായും (മാറ്റിയിട്ട) ഇത് എന്റേതല്ലാത്തവരുടെ പ്രീതിക്കുവേണ്ടിയായിരുന്നു. നിശ്ചയം ഞാനാകട്ടെ ഇന്നേദിനം എന്റെ പ്രീതി ആഗ്രഹിച്ചു കൊണ്ട് ചെയ്ത പ്രവർത്തിയല്ലാതെ മറ്റൊന്നും സ്വീകരിക്കുന്നതല്ല.''» (ദാറുക്വുത്നി)

عن أَبِي سعيد الْخدرِي ﷺ قَالَ: سمعت رسولَ الله ﷺ يقُولُ:«لاَ يصبِر أَحد علَى لأوائها فَيموت، إلا كُنت لَه شفيعاً أَو شهيداً يوم الْقيامة، إِذَا كَانَ مسلماً»

അബൂ സഈദിനിൽ ഖുദ്രിﷺവിൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറയുന്നതായി ഞാൻ കേട്ടു: «മദീനയുടെ ജീവിതക്ലേശങ്ങളിൽ ഒരാളും ക്ഷമിക്കുകയും അങ്ങനെ മരണപ്പെടുകയുമില്ല, ഞാനവന് അന്ത്യ നാളിൽ സാക്ഷിയും ശുപാർശകനുമാകാതെ; അവൻ മുസ്ലിമാണെങ്കിൽ.» (മുസ്ലിം)